മദ്യ കപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണം

116 (1983) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മദ്യ കുപ്പികൾക്കുള്ള ഹോളോഗ്രാം നിർമ്മാണത്തിലെ സുരക്ഷാ ഘടകങ്ങൾ ഫലപ്രദമായിട്ടുള്ളതാണോ ;

(ബി) ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽനിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ; സി-ഡിറ്റിനെ ഒഴിവാക്കിയതിനു ശേഷം സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ എക്സൈസ് വകുപ്പ് ടെണ്ടർ വിളിച്ചിട്ടുണ്ടോ ; സി-ഡിറ്റിന് ഉണ്ടായിരുന്ന കരാർ നീട്ടി നൽകാതിരുന്നത് എന്തുകൊണ്ടാണ് ;

(സി) എക്സൈസ് വകുപ്പ്, സി-ഡിറ്റിനെ ഒഴിവാക്കി കർണ്ണാടകയിലെ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുമ്പോൾ, കർണ്ണാടക സർക്കാർ സി-ഡിറ്റിന്റെ സാങ്കേതികവിദ്യ പഠിക്കാൻ സി-ഡിറ്റിലെത്തിയ വിവരം എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-ബി) ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ നിർമ്മാണം നടത്തുന്നതിനായി കെ.എസ്.ബി.സി. സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ വൻസുരക്ഷാ ക്രമീകരണങ്ങളോടെ ഹോളോഗ്രാമിന്റെ പ്രിന്റിംഗ് നടത്തേണ്ടതിനു പകരം സി-ഡിറ്റ് ടി ലേബൽ നിർമ്മാണം ഈ രംഗത്ത് മുൻപരിചയമില്ലാത്ത ഒരു സ്വകാര്യ കമ്പനിക്ക് നൽകികൊണ്ടു കരാറിൽ ഏർപ്പെട്ടതായും ടി സ്വകാര്യ കമ്പനി സി-ഡിറ്റിന് പുറത്ത് എറണാകുളത്തും തമിഴ്നാട്ടിൽ വാളയാർ ചെക്ക് പോസ്റ്റിനടുത്തും ടി ലേബലുകൾ നിർമ്മിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇതുസംബന്ധിച്ച് എക്സൈസ് വിജിലൻസ് അന്വേഷണം നടത്തിയതിൽ സി-ഡിറ്റ് 'പ്രോസസ്സ് കളർ' എന്ന സ്വകാര്യ സ്ഥാപനവുമായി സെക്യൂരിറ്റി ലേബലുകൾ പ്രിന്റ് ചെയ്തു നൽകുന്നതിന് കരാർ ഉണ്ടാക്കിയത്, സി-ഡിറ്റും കെ.എസ്.ബി.സി.-യും തമ്മിലുണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിരുന്നു. സി & എ.ജി.-യുടെ റിപ്പോർട്ട് പ്രകാരം എക്സൈസ് കമ്മീഷണറുടെ ഒപ്പോടുകൂടിയ സെക്യൂരിറ്റി ലേബലുകൾ കൈകാര്യം ചെയ്യുന്നത് ലൈസൻസിയായ കെ.എസ്.ബി.സി.-യാണ്. എക്സൈസ് വകുപ്പിന് ടി ലേബലുകളുടെ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് ശക്തമായ സൂപ്പർ വിഷൻ ഈ കാര്യത്തിൽ നടക്കുന്നില്ലെന്നും അതുകൊണ്ട് സർക്കാരിനു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പു തന്നെ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ടി ലേബലുകളുടെ നിർമ്മാണവും വിതരണവും ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും എക്സൈസ് വകുപ്പിന്റെ ശക്തമായ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇതിലേക്കായി സർക്കാർ രൂപീകരിച്ച വിദഗ്ധ കമ്മിറ്റി സമർപ്പിച്ച ആർ.എഫ്.പി. സർക്കാരിന്റെ പരിഗണനയിലാണ്. ഹോളോഗ്രാം നിർമ്മാണത്തിലേക്കായി എക്സൈസ് വകുപ്പ് ഇതേവരെ ടെണ്ടർ വിളിച്ചിട്ടില്ല. കൂടാതെ ഹോളോഗ്രാം ലേബൽ നിർമ്മാണത്തിൽ നിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഹോളോഗ്രാം സ്റ്റിക്കർ ഇപ്പോഴും സി-ഡിറ്റിൽ തന്നെയാണ് പ്രിന്റ് ചെയ്യുന്നത്.

പുതിയ മദ്യ നയം- അനധികൃത സ്പിരിറ്റ് കടത്ത്, വ്യാജ ചാരായ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകൾ

117 (1984) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പുതിയ മദ്യ നയം പ്രഖ്യാപിച്ചതിനു ശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലയളവിൽ എത്ര സ്പിരിറ്റ് കടത്ത് കേസുകളാണ് ഉണ്ടായിട്ടുള്ളത് ;

(സി) എല്ലാം കൂടി എത്ര ലിറ്റർ സ്പിരിറ്റാണ് അനധികൃതമായി കേരളത്തിലേക്ക് കടത്തിയിട്ടുള്ളത് ;

(ഡി) വ്യാജ ചാരായ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ;

(ഇ) എത്ര കേസുകളാണ് ഇപ്പോൾ കോടതികളിൽ വ്യാജ മദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചതിനുശേഷം അനധികൃത സ്പിരിറ്റ് കടത്ത് ശക്തിപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.